കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) (കാറ്റഗറി നമ്പർ: 128/2021) തസ്തികയുടെ തെരഞ്ഞെടുപ്പിനായുള്ള ആദ്യ ബാച്ചിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭിമുഖം 01.02.2023, 02.02.2023, 03.02.2023, 23.02.2023, 24.02.2023 തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആസ്ഥാന ആഫീസിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ആദ്യ ബാച്ചിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് SMS, Profile Message എന്നിവ നൽകിയിട്ടുണ്ട്. കോവിഡ്-19 രോഗവ്യപന ഭീതി നിലനിൽക്കുന്നതിനാൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ ആഫീസ് പരിസരത്ത് പ്രവേശിക്കാൻ പാടുള്ളൂ. ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂ മെമ്മോ അവരവരുടെ പ്രൊഫൈലിൽ നിന്നും download ചെയ്യേണ്ടതും, അതോടൊപ്പമുള്ള വ്യക്തി വിവരക്കുറിപ്പ് പൂരിപ്പിച്ച് ഡോക്യുമെന്റുകളുടെ അസ്സൽ പ്രമാണങ്ങളുമായി ഹാജരാകേണ്ടതാണ്. അടുത്ത ഘട്ടങ്ങളിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ ഷെഡ്യൂൾ വെബ്സൈറ്റിൽ (www.keralapsc.gov.in) പ്രസിദ്ധീകരിക്കുന്നതാണ്. ഇന്റർവ്യൂവുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ആഫീസിലെ LRI വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്.